V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI ക്രമപ്രശ്നം

മാറാട് സംഭവം അന്വേഷിക്കുന്നതിന് സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. എ.കെ. ബാലൻ : സർ, മാറാട് സംഭവത്തിലെ അന്വേഷണവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ക്രമപ്രശ്നമുണ്ട്. മാറാട് സംഭവത്തിനുശേഷം ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. രണ്ടു പ്രാവശ്യം മുഖ്യമന്ത്രി ചീഫ് ജസ്റ്റിസിന് കത്തയച്ചു. ഒരു പ്രാവശ്യം നേരിട്ടുകണ്ടു. ചീഫ് ജസ്റ്റിസ് സിറ്റിംഗ് ജഡ്ജിയെ വിട്ടുകൊടുക്കില്ലായെന്ന് കാറ്റഗറിക്കലായി തീരുമാനിച്ചുകഴിഞ്ഞു. ഒൻപതുപേർ മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട ഹൈക്കോടതി തയ്യാറാകാത്തതിന്റെ പശ്ചാത്തലം എന്താണെന്ന് വളരെ ഗൗരവമായി നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട്.

സർ, ഇതൊരു പ്രശ്നം. ഒരു സംഭവം അല്ലെങ്കിൽ ഒരു ദുരന്തം ആവർത്തിക്കാതിരിക്കാനും കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ഗവൺമെന്റിനുള്ള ബാദ്ധ്യതപോലെ തന്നെ ജുഡീഷ്യറിക്കുമുണ്ട്. ഭരിക്കുന്ന പാർട്ടിക്കോ പ്രതിപക്ഷത്തിനോ സ്വാധീനിക്കാൻ പറ്റാത്ത ഓരെയൊരു സ്വതന്ത്രവേദിയാണ് ജുഡീഷ്യറി എന്ന സങ്കൽപ്പമാണുള്ളത്. ഗവൺമെന്റ് നടത്തിയാൽത്തന്നെ സംശയമുണ്ടാകു മെന്നുള്ളതുകൊണ്ടാണ് സ്വതന്ത്ര ബോഡിക്ക് വിട്ടുകൊടുക്കുന്നത്. അവർ ആ ബാദ്ധ്യതയിൽ നിന്ന് ഒഴിഞ്ഞു മാറുന്നു. ഇങ്ങനെയൊരു സമീപനം സ്വീകരിച്ചുകഴിഞ്ഞാൽ ജുഡീഷ്യറിയെ, എക്സിക്യൂട്ടീവിനെ, ലെജിസ്ലേച്ചറിനെ സംബന്ധിച്ചുള്ള ഏകീകരണവും പരസ്പരവിശ്വാസവും വല്ലാത്ത രൂപത്തിൽ വേർപെട്ടുപോകും. കേരള ഗവൺമെന്റ് പറഞ്ഞു ജുഡീഷ്യറി എന്ന്, ചിലർ പറഞ്ഞു സി.ബി.ഐ. എന്ന്, ഹൈക്കോടതി പറയുന്നു അന്വേഷിക്കുകയില്ലാ എന്ന്. ഇതൊക്കെക്കൂടി വായിക്കുമ്പോൾ വല്ലാത്ത രൂപത്തിലുള്ള ഒരു ആശങ്ക ജനങ്ങളിലുണ്ടാകും. അതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പരാമർശം നടത്താനുണ്ടോ എന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly